നം. സി.ഇ.ഇ/2593/06/റ്റി.എ.(1)

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## 2007 - ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ്

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിവിധ പ്രൊഫഷണൽ കോളേജുകളിലേയ്ക്കുള്ള 2007-'08 വർഷത്തെ അലോട്ട്മെന്റ് സംബന്ധിച്ച പുതുക്കിയ നടപടിക്രമങ്ങൾ **ആഗസ്റ്റ് മാസം 16-ാം തീയതി**, ജി.ഒ.(എം.എസ്)നമ്പർ.109/2007/ഉ.വി.വ.,തീയതി:10.08.2007 പ്രകാരം ആരംഭിക്കുന്നതാണ്.

2007 ജൂലൈ മാസം 10-ാം തീയതി ആരംഭിച്ച് ജൂലൈ 25 വരെ നടന്ന അലോട്ട്മെന്റ് നടപടികൾ റദ്ദുചെയ്ത സാഹചര്യത്തിൽ ഈ കാലയളവിൽ വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുള്ള ഓപ്ഷനുകൾ പരിഗണിക്കുന്നതല്ല.

**2007 ആഗസ്റ്റ് മാസം 16-ാം തീയതി** രാവിലെ 10 മണി മുതൽ **ആഗസ്റ്റ് 30-ാം തീയതി** രാവിലെ 9 മണി വരെ വിദ്യാർത്ഥികൾക്ക് '**cee.kerala.gov.in**' എന്ന വെബ് സൈറ്റിലൂടെ ഓപ്ഷനുകൾ പുതുതായി രജിസ്റ്റർ ചെയ്യാവുന്നതാണ്. പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. വിദ്യാർത്ഥികൾക്ക് സൗജന്യമായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഇന്റർനെറ്റ് സൗകര്യമുള്ള ഇൻഫർമേഷൻ, ഗൈഡൻസ് ആന്റ് ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളും (**IGOFC**) ഹെൽപ്പ് ഡസ്കുകളും (**HD**) സംസ്ഥാനത്തുടനീളം ഇക്കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇവയുടെ വിശദമായ ലിസ്റ്റ് '**cee-kerala.org**' എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

താഴെ പറഞ്ഞിരിക്കുന്ന പ്രൊഫഷണൽ കോളേജുകളിലെ വിവിധ കോഴ്സുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്:

1. സർക്കാർ/എയിഡഡ് കോളേജുകൾ
2. സർക്കാരുമായി കരാറിലേർപ്പെട്ടിട്ടുള്ള സ്വകാര്യ സ്വാശ്രയ കോളേജുകൾ (**39** എൻജിനീയറിംഗ്, 3 *മെഡിക്കൽ, 11 ഡന്റൽ, 7 ആയുർവേദ, 1 സിദ്ധ, 4 നഴ്സിംഗ്).
3. സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾ (IHRD, LBS, CAPE, CCE).
4. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി (CAPE).
5. കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ് സർവ്വകലാശാലകളുടെ നിയന്ത്രണത്തിലുള്ള സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾ.

(*കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും ഇതുവരെ അനുമതി ലഭിക്കാത്ത മെഡിക്കൽ കോളേജുകളിലേയ്ക്ക് ഓപ്ഷനുകൾ സ്വീകരിക്കുന്നതല്ല. ഇവയ്ക്ക് പുതുക്കിയ അനുമതി ലഭിക്കുന്നപക്ഷം രണ്ടാംഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തുന്നതാണ്.)

സർക്കാർ/എയിഡഡ് കോളേജുകളിൽ നിലവിലുള്ള സീറ്റ് സംവരണവും, ഫീസ് ഘടനയും തുടരുന്നതാണ്. ഇവയൊഴികെ മറ്റ് പ്രൊഫഷണൽ കോളേജുകളിലെ സീറ്റ് സംവരണം, ഫീസ് ഘടന എന്നിവ താഴെ പറയുന്നു:

| പ്രൊഫഷണൽ കോളേജുകൾ | സർക്കാരിന് ലഭ്യമായ സീറ്റ് | സീറ്റ് സംവരണം |
|---|---|---|
| സർക്കാർ/യൂണിവേഴ്സിറ്റികൾ എന്നിവ യുടെ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജുകൾ.<br>സ്വകാര്യ സ്വാശ്രയ കോളേജുകൾ (ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ കോളേജുകൾ ഒഴികെ) | 50% | സർക്കാർ/എയിഡഡ് കോളേജുകളിൽ നിലവിലുള്ള സംവരണം |

**കുറിപ്പ്:-** (1) ന്യൂനപക്ഷ പദവിയുള്ള / മുസ്ലീം എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള സ്വകാര്യ സ്വാശ്രയ കോളേജുകളിൽ സർക്കാരിന് ലഭ്യമായ 50% സീറ്റുകളുടെ 20% സീറ്റുകൾ പ്രസ്തുത കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന സമുദായത്തിലെ യോഗ്യരായ വിദ്യാർത്ഥികൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ അനുവദിക്കുന്നതായിരിക്കും. ബാക്കിയുള്ള സീറ്റുകൾ സർക്കാർ കോളേജുകളിലെ സംവരണ തത്വത്തിന്റെ അടിസ്ഥാനത്തിൽതന്നെ അനുവദിക്കുന്നതാണ്.

(2) സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലും, കേരളാ, മഹാത്മാഗാന്ധി സർവ്വകലാശാലകളുടെ നിയന്ത്രണത്തിലുള്ള സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലും, 35% മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്. എന്നാൽ ശ്രീ ചിത്തിരതിരുനാൾ കോളേജ് ഓഫ് എൻജിനീയറിംഗിൽ (പാപ്പനംകോട്, തിരുവനന്തപുരം) 25% മാനേജ്മെന്റ് സീറ്റുകളിലേക്കാണ് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നത്. ഇവ എല്ലാംതന്നെ മെറിറ്റ് സീറ്റുകൾ ആയിരിക്കും.

| ഫീസ് ഘടന | | |
|---|---|---|
| 1. **എൻജിനീയറിംഗ്** | 50% ഗവൺമെന്റ് സീറ്റ് | 35% മാനേജ്മെന്റ് സീറ്റ് |
| സ്വകാര്യ, സ്വാശ്രയ കോളേജുകൾ | 38,700 രൂപ / സ്കോളർഷിപ്പ് ഫീസ് | - |
| സർക്കാർ / യൂണിവേഴ്സിറ്റി നിയന്ത്രിത സ്വാശ്രയ കോളേജുകൾ | 6,200 രൂപ | 38,700 രൂപ / ** |
| 2. **മെഡിക്കൽ** | | |
| (i) എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ | 1,30,000 രൂപ / സ്കോളർഷിപ്പ് ഫീസ് | - |
| (ii) ഡോ. സോമർവെൽ സ്മാരക സി.എസ്.ഐ മെഡിക്കൽ കോളേജ്, കാരക്കോണം | 1,38,000 രൂപ / സ്കോളർഷിപ്പ് ഫീസ് | - |
| (iii) അക്കാദമി ഓഫ് മെഡിക്കൽ സയൻസ്, പരിയാരം | 1,30,000 രൂപ / സ്കോളർഷിപ്പ് ഫീസ് | - |
| (iv) കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി | 12,225 രൂപ | 1,30,000 രൂപ / ** |

| | | |
|---|---|---|
| **ഡന്റൽ (ബി.ഡി.എസ്)** | | |
| സ്വകാര്യ സ്വാശ്രയ കോളേജുകൾ | 87,000 രൂപ / സ്കോളർഷിപ്പ് ഫീസ് | - |
| **ആയുർവേദ (ബി.എ.എം.എസ്.)** | | |
| സ്വകാര്യ സ്വാശ്രയ കോളേജുകൾ | 50,000 രൂപ / സ്കോളർഷിപ്പ് ഫീസ് | - |
| **സിദ്ധ (ബി.എസ്.എം.എസ്.)** | | |
| സ്വകാര്യ സ്വാശ്രയ കോളേജ് | 45,000 രൂപ / സ്കോളർഷിപ്പ് ഫീസ് | - |
| **നഴ്സിംഗ് (ബി.എസ്.സി നഴ്സിംഗ്)** | | |
| സ്വകാര്യ സ്വാശ്രയ കോളേജുകൾ | 49,400 രൂപ / സ്കോളർഷിപ്പ് ഫീസ് | - |

**ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയോ, മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളുടേയോ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ നിരക്കുകളിൽ നിന്നും വ്യത്യസ്തമായ ഒരു ഫീസ് ഘടന നിശ്ചയിക്കപ്പെടുന്ന സാഹചര്യത്തിൽ, വിദ്യാർത്ഥികൾ അപ്രകാരമുള്ള തുക അടയ്ക്കേണ്ടതാണ്. അതുപോലെ ഇപ്രകാരം നിശ്ചയിക്കപ്പെടുന്ന ഫീസ് ഘടന നിലവിലുള്ള നിരക്കിനേക്കാൾ കുറയുന്നുവെങ്കിൽ അധികമായി വാങ്ങിയിട്ടുള്ള തുക വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട മാനേജ്മെന്റുകൾ നൽകുന്നതാണ്. ഇത് സംബന്ധിച്ച കരാർ സ്വകാര്യ സ്വാശ്രയ കോളേജുകളിലും, സർക്കാർ/യൂണിവേഴ്സിറ്റി നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം നേടുന്ന ഓരോ വിദ്യാർത്ഥിയും, പ്രസ്തുത മാനേജ്മെന്റുമായി ഒപ്പിടേണ്ടതാണ്.

താഴെ പറഞ്ഞിരിക്കുന്ന സ്പെഷ്യൽ റിസർവേഷൻ വിഭാഗങ്ങൾക്ക് സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിൽ സീറ്റുകൾ സംവരണം ചെയ്ത് സർക്കാർ ഉത്തരവായിട്ടുണ്ട്.

എക്സ്-സർവ്വീസ് (XS) - 3, പ്രതിരോധ സേനാംഗങ്ങളുടെ മക്കൾ (SD) - 6, പ്രതിരോധ സേനയിൽ ആക്രമണങ്ങളുടെ സമയത്ത് മരിച്ചുപോയവരുടെയും/കാണാതായവരുടേയും അംഗവൈകല്യം സംഭവിച്ചവരുടേയും ആശ്രിതർ (DK) - 2, എൻ.സി.സി. (CC)- 1.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും 'cee-kerala.org' എന്ന വെബ് സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

തിരുവനന്തപുരം

13.08.2007

**പ്രവേശന പരീക്ഷാ കമ്മീഷണർ**